# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജലനിധി II - പദ്ധതി പഞ്ചായത്തുകൾക്ക് പദ്ധതി അക്കൗണ്ടിൽ പണം കൈമാറാനുള്ള പ്രത്യേകാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(എംഎസ്.) നം. **117**/2013/ത.സ്വ.ഭ.വ.    തിരുവനന്തപുരം, തീയതി: 23.03.2013.

---

പരാമർശം:- 1) സ.ഉ.(എം.എസ്.) നം. 69/2011/ജലവിഭവ വകുപ്പ് തീയതി: 09.11.2011.
2) ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നം. 1100/OP/KRWSA തീയതി: 11.03.2013.
3) വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 19.03.2013-ലെ യോഗ തീരുമാനം ഇനം നമ്പർ 3.15.
4) സ.ഉ.(അച്ചടി) നം. 177/2006/ധന വകുപ്പ് തീയതി: 12.04.2006-ലെ ഖണ്ഡിക 6.2 (V) & 6.3.

### ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവിൽ സർക്കാർ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ പ്രോജക്ട് (ജലനിധി II) അനുമതി നൽകിയിട്ടുണ്ട്. അഞ്ചര വർഷക്കാലം കൊണ്ട് ഇരുന്നൂറ് ഗ്രാമ പഞ്ചായത്തുകളിൽ 1022 കോടി രൂപയുടെ അടങ്കലിൽ നടപ്പാക്കപ്പെടുന്ന പദ്ധതിയാണിത്. 2011-12-ൽ ഒന്നാം ബാച്ചിൽ 22 ഗ്രാമ പഞ്ചായത്തുകളെയും രണ്ടാം ബാച്ചിൽ നടപ്പു വർഷം 68 ഗ്രാമ പഞ്ചായത്തുകളെയും നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നിബന്ധനകളനുസരിച്ച് നിർവഹണ ചെലവിന്റെ 75% സംസ്ഥാന സർക്കാരും 15% പ്രോജക്ട് ഗ്രാമ പഞ്ചായത്തുകളും ബാക്കി 10% ഗുണഭോക്താക്കളും പങ്കിടേണ്ടതാണ്. ഓരോ പ്രോജക്ട് ഗ്രാമ പഞ്ചായത്തിന്റെ ശരാശരി പദ്ധതി തുക 5 - 8 കോടി രൂപയോളം ആയിരിക്കും. കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം, ഭൂഗർഭജല റീച്ചാർജിങ് പദ്ധതികൾ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. 15% ഫണ്ട് ഗ്രാമ പഞ്ചായത്തുകൾ പങ്കു വയ്ക്കേണ്ടതുണ്ട്. ഇതേതാണ്ട് ഒരു കോടി രൂപക്ക് മേൽ വരുന്നതാണ്. ജലനിധിയുടെ കരാർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിഹിതത്തിന്റെ പകുതി പദ്ധതി നിർവ്വഹണാരംഭത്തിനുമുമ്പ് ഗ്രാമ പഞ്ചായത്തിന്റെ

ജലനിധി പദ്ധതി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. കൂടാതെ പദ്ധതി ആസൂത്രണ ഘട്ടാരംഭത്തിനുമുമ്പ് കരാർ നിർവഹണസമയത്ത് ടോക്കൺ തുകയായി പത്തു ലക്ഷം രൂപ നിക്ഷേപിക്കേണ്ടതുണ്ട്. ഒന്നാം ബാച്ചിലുൾപ്പെട്ട 22 ഗ്രാമ പഞ്ചായത്തുകളിൽ ആസൂത്രണ ഘട്ടം കഴിഞ്ഞിരിക്കുന്നതിനാൽ കുറഞ്ഞത് നാൽപത് ലക്ഷം രൂപ ദേശസാൽകൃത ബാങ്കുകളിൽ ആരംഭിച്ചിട്ടുള്ള പ്രോജക്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ബാച്ച് രണ്ടിൽപ്പെട്ട 68 ഗ്രാമപഞ്ചായത്തുകൾ ഓരോന്നും പ്രാരംഭ നിക്ഷേപമായി പത്തുലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം തന്നെ നിക്ഷേപിക്കണം. ഇതിന് പ്രത്യേക അനുമതി സർക്കാർ നൽകണമെന്നാണ് പരാമർശം രണ്ടിലെ കത്തിൽ അപേക്ഷിച്ചിരിക്കുന്നത്.

ഇക്കാര്യം പരിശോധിച്ച് പരാമർശം മൂന്നിലെ തീരുമാന പ്രകാരം പരാമർശം നാലിലെ ഉത്തരവിനനുസരിച്ച് ജലനിധി പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും അവരുടെ ബന്ധപ്പെട്ട ജലനിധി പ്രോജക്ട് അക്കൗണ്ടിലേക്ക് മുൻകൂറായി പണം നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, മൂന്നാംനില, പിടി.സി. ടവർ, എസ്.എസ്.കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തുരം - 695001. (എല്ലാ പ്രോജക്ട് ഗ്രാമ പഞ്ചായത്തുകൾക്കും ഉത്തരവിന്റെ കോപ്പി നൽകേണ്ടതാണ്. )
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.